(എ) ഫൻ ൪ ൦ അവസാനത്തോടുകൂടി ക്ഷേണസാധനങ്ങളുടെ ഇറക്കുമതി നിലച്ചു പോകുന്നതുമൂലം തൊഴിൽരഹിതരായിത്തീരുന്ന പതിനായിരക്കണക്കിനുള്ള തുറമുഖ തൊഴിലാളികളുടെ ഭരന്തര ഭാവിയെക്കുറിച്ചു പരിചിന്തിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആപത്തിൽനിന്നും തൊഴിലാളികളെ രക്ഷിക്കാൻ ഉടൻ പുതിയപുതിയ വ്യവസായശാലകൾ തുറമുഖപ്രദേശങ്ങളിൽ സ്ഥാപിക്കാൻ ഭയവുണ്ടാകുമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

Questions posted for answer on 18th January 1950

ഹരിജന മർദ്ദനക്കേസ്

൨൯൦. (൨) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ചിറ്റൂർ താലൂക്കു് വണ്ണാമടയിൽ ഒരു ഹരിജനമർദ്ദനക്കേസു് നടന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കു് അറിവു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. ഈ സംഭവത്തെപ്പറ്റി കൊഴിഞ്ഞാമ്പാറ പോലീസു് ഒരു കേസു് റജിസ്റ്റർ ചെയ്തു. എന്നാൽ ഇരു കക്ഷികളും രഞ്ജിപ്പിലെത്തി, തുടർന്നുള്ള നടപടികൾ നിറുത്തണമെന്നു് അപേക്ഷിക്കയാൽ ഈ കേസിനെപ്പറ്റിയുള്ള അന്വേഷണം ഫൻ ൭൯ ഡിസമ്പർ ൨൪-൦൯-൫൦ നിറുത്തിവെച്ചു.

പബ്ലിക്കു് റിലേഷൻസു് കമ്മിറ്റി

൨൯൧. (൨൭) ശ്രീ. കോന്നാട്ട കുഞ്ഞിരാമമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടിൽനിന്നും പബ്ലിക്കു് റിലേഷൻസു് കമ്മിറ്റി എന്നാണു് സ്ഥാപിച്ചതു് ;

(ബി) അങ്ങനെ സ്ഥാപിച്ചതിനുശേഷം കൊച്ചി ഡിവിഷനിൽനിന്നു എത്ര ഹർജികൾ ഓരോ കമ്മറ്റിക്കും കിട്ടിയിട്ടുണ്ടു് ;

(സി) ഇപ്രകാരം കിട്ടിയിട്ടുള്ള ഹർജികളിൽ എത്ര ഹർജികളിന്മേൽ അന്വേഷണം നടത്തി ;

(ഡി) അന്വേഷണം നടത്തിയ ഹർജികളുടെ മേലുള്ള തീർപ്പുകൾ എന്തെല്ലാമാണു് ;

(ഇ) അന്വേഷണം നടത്തുന്ന സന്ദർഭത്തിൽ ഹർജിക്കാർക്കു അറിവുകൊടുക്കണമെന്നു നിയമമുണ്ടോ ;

(എഫ്) ഹർജി അന്വേഷണത്തിനു തെളിവുകൊടുക്കുവാൻ ഹർജിക്കാരൻ ബാദ്ധ്യസ്ഥനാണോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ഒരു കമ്മിറ്റി ഗവമ്മെണ്ടു് സ്ഥാപിച്ചിട്ടില്ല.

(ബി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

Short Notice Question No. 5
Short notice question posted for 19th January 1950

ലിഫ്ട് ഇറിഗേഷൻ

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ :

(എ) എലക്ട്രിക്കു് പവ്വർ വേണ്ടത്ര കിട്ടാത്തതുകൊണ്ടു് Lift irrigation വഴി ഇരുകൊല്ലം പുഞ്ചകൃഷി ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന പല സ്ഥലങ്ങളിലും പമ്പിംഗ് ചെയ്യുവാൻ നിവൃത്തിയില്ലെന്നു ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പവർ കിട്ടുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പല ഫാക്ടറികൾക്കും മറ്റും കൊടുക്കുന്ന പവർ കുറവുചെയ്തു പുഞ്ചകൃഷിക്കു പമ്പിംഗ് ചെയ്യുന്നതിനു കൊടുക്കുന്ന കായ്ം ഗവമ്മെണ്ടു് അടിയന്തിരമായി ആലോചിക്കുമോ ;

(സി) പവർ കൊടുക്കുവാൻ സാധിക്കാതെ വരുന്ന സ്ഥലങ്ങളിൽ എൻജിൻവയ്ക്കുന്ന കായ്ം ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :

(എ) ഇല്ല.
(ബി) ഉവ്വ്.
(സി) ഉവ്വ്.

DEMANDS FOR SUPPLEMENTARY GRANTS

28. II—TEXTILE CONTROL

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഡവ്വ (ഡ) ടെക്സ്റ്റൈറയിൽ കൺട്രോൾ ഇനത്തിലേക്ക് ഒരു ലക്ഷത്തിമുപ്പത്തിനാലായിരം രൂപയുടെ ഒരു ഉപധനാഭ്യർത്ഥന ഞാൻ ഇവിടെ ഹാജരാക്കുന്നു. ഫൻ ർൻ ജനുവരി മാസത്തിലും അതിനെ തുടർന്നുള്ള മാസങ്ങളിലും ഗവമ്മെണ്ട് ആഫ് ഇൻഡ്യയിൽനിന്നും അവരുടെ അധികാരമുപയോഗിച്ചു നൂലിന്റെ വില കുറയ്ക്കുകയുണ്ടായി. അങ്ങനെ കുറച്ചതിന്റെ ഫലമായി ഫൻ ർവ ഒക്ടോബർ, നവമ്പർ, ഡിസമ്പർ എന്നീ മാസങ്ങളിൽ കൈവശം, നൂൽ സ്റ്റോക്കുണ്ടായിരുന്നവർക്ക് ആ നൂൽ വിൽക്കുവാൻ ഇടയാകാതെവന്നു. നൂലിന്റെ വില പെട്ടെന്നു കുറഞ്ഞതുകൊണ്ടാണു അങ്ങനെ അവരുടെ കയ്യിൽ നൂൽ ഇരിപ്പായിട്ടുള്ളതു്. അതിനുശേഷം നൂൽനൂല്പു് തൊഴിലാളികളുടെ പക്കൽനിന്നും നിവേദനങ്ങൾ ഉണ്ടായി. ആ സന്ദർഭത്തിൽ തിരുവിതാംകൂറിൽ ചില താലൂക്കുകളിലെ നെയ്ത്തുതൊഴിലാളികൾക്കു നൂൽ കിട്ടുന്നില്ലെന്നുള്ള കാരണത്താൽ ആ തൊഴിലാളികളുടെ ആദിമുഖ്യത്തിൽ ചില നിവേദനങ്ങൾ ഈ ഗവമ്മെണ്ടിനും കിട്ടിയിട്ടുണ്ടു്. അവർക്കു വേണ്ടസമയത്തു ശരിയായ വിലയ്ക്കു നൂലുകിട്ടാതായതിന്റെ ഫലമായി ജോലിയില്ലാതെ കഷ്ടതയനുഭവിക്കുന്നുണ്ടെന്നു ചില നിവേദനങ്ങൾ അവർ ഗവമ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടു്. ഈ നിവേദനങ്ങൾ എല്ലാം ആസ്പദമാക്കി ഒരു കോൺഫ്രൻസ് നടത്തുകയും ഫൻ ർവ ജനുവരിയിലുണ്ടായിരുന്ന വിലയ്ക്കുതന്നെ ഫൻ. ർവ ഒക്ടോബർ, നവമ്പർ, ഡിസമ്പർ മാസങ്ങളിലെ നൂലും വിൽക്കുന്നതു നന്നായിരിക്കുമെന്നു നിശ്ചയിക്കുകയുമുണ്ടായി. അങ്ങനെ നൂലിന്റെ വിലകുറച്ചു നെയ്ത്തുകാരുടെ നഷ്ടം പരിഹരിക്കുന്നതാണെന്നു ഗവമ്മെണ്ടു ഉറപ്പുപറഞ്ഞിട്ടുണ്ടു്. ഫൻ ർൻ ജനുവരിമാസത്തിലും നൂലിന്റെ വില കുറച്ചു കൊടുക്കണമെന്നൊരു നിവേദനമുണ്ടായി. അതിന്റെ കാരണത്തെ സംബന്ധിച്ചുനോക്കിയതിന്റെ ഫലമായി, ഫൻ ർൻ ജനുവരിയിലെ വിലയിലും ഒരു ശതമാനം കുറയ്ക്കണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. ഈ രണ്ടിനത്തിലുംകൂടി ഒരുലക്ഷത്തിമുപ്പത്തിനാലായിരം രൂപാ കൊടുക്കേണ്ടതുണ്ടു്. ഈ സംഖ്യ കൊടുക്കുന്നതു ഗവമ്മെണ്ടിനു നഷ്ടമായ നിലയിലല്ല. എതാണ്ടു മൂന്നു ശതമാനംവരെ ഈയിനത്തിൽനിന്നും ഗവമ്മെണ്ടിനു ലാഭം കിട്ടിയിട്ടുള്ളതിനാൽ ആ ലാഭത്തിന്റെ ഒരുഭാഗം നെയ്ത്തുതൊഴിലാളികൾക്കുവേണ്ടി വിനിയോഗിക്കുവാനാണുദ്ദേശിച്ചിട്ടുള്ളതു്. കൂടാതെ നെയ്ത്തുതൊഴിലാളികളുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കാമെന്നു ഗവമ്മെണ്ടു് ചെയ്തിട്ടുള്ള വാഗ്ദാനം നിറവേറ്റുവാനും കൂടിയാണു ഈ സംഖ്യ ഈ സഭയുടെ മുൻപാകെ ആവശ്യപ്പെട്ടിരിക്കുന്നതു്. മുൻപുകൂടിയ കോൺഫ്രൻസിലെ നിശ്ചയങ്ങൾ നടപ്പിൽവരുത്തുവാൻവേണ്ട നടപടികളെടുക്കണമെന്നുള്ള നിവേദനങ്ങൾ ഗവമ്മെണ്ടിനു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. ആവകസംഗതികൾ നിറവേറ്റുന്നതിനു ആവശ്യമായ ഈ ഒരുലക്ഷത്തിമുപ്പത്തിനാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന ഈ സഭ അനുവദിച്ചുതരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

Sri. K. P. Nilakanta Pillai : I was listening to the explanatory speech made by the Hon'ble the Chief Minister in support of this demand, but Sir, I am sorry to say that it does not represnt all the sides of the picture. You will remember the fact that early, during the middle part of the year 1948, when there was an agitation throughout the country on account of the scarcity of yarn to the weavers, we made a demand in this House that all the yarn stocked by Government should be relessed as early as possible, and we also pointed out the fact that early in January 1949, it was likely that the price of yarn would be reduced and that therefore Government and the wholesale licensees stood to lose heavily on account of the blind policy pursued by the Government in hoarding yarn without making it available for the weavers. That was the most important question which was evaded by the Hon'ble Chief Minister in offering explanation of these grants. At the time, we were accused, and I now wish to bring to the

LIBRARY ARCHIVES Kerala Legislative Assembly